കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയവും ബത്തകളും പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്

ജി.ഒ.(പി) 265/2004/തസ്വഭവ തിരുവനന്തപുരം, തീയതി: 13/8/04

---

പരാമർശം: 1. 4.9.2003–ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനം.
2. 1.10.2003 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 3475/2003/തസ്വഭവ

## ഉത്തരവ്

പരാമർശം ഒന്നിലെ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയവും ബത്തകളും വർദ്ധിപ്പിക്കണമെന്ന ആവശ്യം പഠിച്ചു നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സൂചന രണ്ടിലെ ഉത്തരവിൻ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പു സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പു സെക്രട്ടറി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ടി കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയവും ബത്തയും മറ്റും താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(1) ഹോണറേറിയം

| തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | നിലവിലുള്ള ഹോണറേറിയം | വർദ്ധിപ്പിച്ച നിരക്ക് | വർദ്ധന രൂ. |
|---|---|---|---|
| 1 | 2 | 3 | 4 |
| ജില്ലാ പഞ്ചായത്ത് | | | |
| പ്രസിഡന്റ് | 4500 | 5400 | 900 |
| വൈസ്പ്രസിഡന്റ് | 3500 | 4200 | 700 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 2000 | 2400 | 400 |
| അംഗങ്ങൾ | 1750 | 2100 | 350 |
| ബ്ലോക്ക് പഞ്ചായത്ത് | | | |
| പ്രസിഡന്റ് | 4000 | 4800 | 800 |
| വൈസ്പ്രസിഡന്റ് | 3000 | 3600 | 600 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1750 | 2100 | 350 |
| അംഗങ്ങൾ | 1250 | 1500 | 250 |
| ഗ്രാമപഞ്ചായത്ത് | | | |
| പ്രസിഡന്റ് | 3500 | 4200 | 700 |
| വൈസ്പ്രസിഡന്റ് | 2500 | 3000 | 500 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1500 | 1800 | 300 |
| അംഗങ്ങൾ | 1000 | 1200 | 200 |
| കോർപ്പറേഷൻ | | | |
| മേയർ | 4500 | 5400 | 900 |
| ഡെപ്യൂട്ടിമേയർ | 3500 | 4200 | 700 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 2000 | 2400 | 400 |
| അംഗങ്ങൾ | 1500 | 1800 | 300 |
| മുനിസിപ്പാലിറ്റി | | | |
| ചെയർമാൻ | 4000 | 4800 | 800 |
| ഡെപ്യൂട്ടി ചെയർമാൻ | 3000 | 3600 | 600 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1750 | 2100 | 350 |
| അംഗങ്ങൾ | 1250 | 1500 | 250 |

2. ഹാജർ ബത്ത(Sitting Fee)

| നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് | പ്രതിമാസം പരമാവധി നൽകാവുന്ന തുക |
|---|---|---|
| രൂ. | രൂ. | രൂ. |
| 40 | 60 | 300(5 മീറ്റിംഗിന്) |
| 32 | 50 | 250(5 മീറ്റിംഗിന്) |

ഇതിലേയ്ക്കാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റിൽ നിന്നും (2515-00-800-24) വഹിക്കാവുന്നതാണ്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ പഞ്ചായത്തിന്റെ അനുമതിയോടുകൂടി ലീവെടുത്താൽ പരമാവധി 6 മാസം വരെ ഹോണറേറിയത്തിന് അർഹത ഉണ്ടായിരിക്കും. അനുമതിയില്ലാതെ പഞ്ചായത്തിലും പഞ്ചായത്തിന്റെ കമ്മിറ്റിയിലും ഹാജരാകാതിരുന്നാൽ ഹോണറേറിയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഹോണറേറിയം അനുവദിക്കാൻ പങ്കെടുത്ത മീറ്റിംഗുകൾ ആധാരമാക്കുന്നതിനു പകരം അംഗം പഞ്ചായത്തിന്റെ അനുവാദത്തോടുകൂടി ലീവിലാണോ അല്ലയോ എന്നു പരിഗണിച്ചാൽ മതിയാകുന്നതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെജനപ്രതിനിധികൾക്ക് ഗവൺമെന്റ് ഉൾപ്പെടെ മറ്റു സ്രോതസ്സുകളുൽ നിന്നും വരവ് ഉണ്ടായിരുന്നാലും ഹോണറേറിയത്തിന് അർഹത ഉണ്ടായിരിക്കും.

7. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വൈസ് പ്രസിഡന്റോ ഡെപ്യൂട്ടി മേയറോ വൈസ് ചെയർമാനോ മറ്റ് ഏതൊരു അംഗമോ പ്രസിഡന്റിന്റെ/മേയറുടെ/ചെയർമാന്റെ ചാർജ്ജ് വഹിക്കുമ്പോൾ ആ അംഗത്തിന് പ്രസിഡന്റിന്റെ/മേയറുടെ/ചെയർമാന്റെ ഹോണറേറിയത്തിന് അർഹത ഉണ്ടായിരിക്കുന്നതും അങ്ങനെ ചാർജ്ജ് വഹിക്കുന്ന കാലയളവ് 30 ദിവസത്തിൽ കുറവാണെങ്കിൽ ചാർജ്ജ് വഹിച്ച ദിവസം കണക്കാക്കി ആനുപാതികമായി ഹോണറേറിയം നൽകാവുന്നതാണ്.

8. ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഓരോന്നിനും ഓരോ ജീപ്പും ജില്ലാപഞ്ചായത്തുകൾക്ക് മൂന്ന് വാഹനങ്ങളും മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. കൂടുതൽ വാഹനങ്ങളുള്ള സ്ഥാപനങ്ങൾ അവ ലേലം ചെയ്തു വിൽക്കുകയോ ഗവൺമെന്റിന്റെ അനുമതിയോടു കൂടി മറ്റ് സ്ഥാപനങ്ങൾക്കോ ആഫീസുകൾക്കോ കൈമാറുകയോ ചെയ്യണം. പ്രോജക്ടുകളുടെ (ക്ലീൻ കേരള, മാലിന്യ നിർമ്മാർജ്ജനം മുതലായവ) ഭാഗമായുള്ള വാഹനങ്ങളോ മറ്റു വകുപ്പുകളിൽ നിന്നും കൈമാറി വന്ന ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥരുടെ വാഹനങ്ങളോ ഈ പരിധിയിൽ വരുന്നതല്ല.

9. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് സ്വന്തമായി ഒരു ഡ്രൈവറെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ മൂന്ന് സർക്കാർ ഡ്രൈവർമാർ നിലവിലുണ്ടെങ്കിൽ ദിസക്കൂലിനിയമനം അനുവദനീയമല്ല.

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ യാത്രാബത്ത കേരള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് നിജപ്പെടുത്തിയിരിക്കുന്നു. ജില്ലാതല യാത്രകൾക്ക് സർക്കാർ അനുശാസിച്ചിരിക്കുന്ന മാസ/ത്രൈ മാസ പരിധി ബാധകമാണ്. എന്നാൽ ഔദ്യോഗിക ആവശ്യത്തിനായി ജില്ല വിട്ട് നടത്തേണ്ട യാത്രകൾ മാസ/ത്രൈ മാസ പരിധിയിൽ ഉൾപ്പെടുകയില്ല.

11. മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ആവശ്യങ്ങൾക്കുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നോ തനതു ഫണ്ടില്ലാത്ത/ തികയാത്ത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന പൊതുകാര്യങ്ങൾക്കായുള്ള ഗ്രാന്റിൽ നിന്നോ വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി.കമാൽകുട്ടി
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
അർബൻ അഫയേഴ്സ് ഡയറക്ടർ
റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ
} എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അിറയിക്കുന്നതിന്

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി, ഡയറക്ടർമാർക്കും
എ.ജി.(എ ആന്റ് ഇ) (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
പകർപ്പ്:

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പി.എസിന്
ഗ്രാമവകസന വകുപ്പു മന്ത്രിയുടെ പി.എസിന്
പൊതുഭരണ (എസ്.സി) വകുപ്പിന്
(11.8.04-ലെ 3188-ാം നമ്പർ കൗൺസിൽ തീരുമാനം പരാമർശം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ